# കേരള സർക്കാർ

**<u>സംഗ്രഹം</u>**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി -- ആലപ്പുഴ ജില്ല -- കടൽക്ഷോഭത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട ആലപ്പുഴ ജില്ലയിലെ മൽസ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന 6 തീരദേശവാസികൾക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. 2242/2020/റവ. തിരുവനന്തപുരം, തീയതി, 19.06.2020.

===========================================================================

പരാമർശം:- 1. സ.ഉ. (കൈ) നം. 06/2018/ദുനിവ., തീയതി, 02.06.2018.
2. ആലപ്പുഴ ജില്ലാ കളക്ടറുടെ 14.02.2020-ലെ DCALP/8063/2019/N1 നമ്പർ കത്ത്.
3. സ.ഉ. (സാധാ) നം. 670/2020/റവ, തീയതി, 17.02.2020.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം കടൽക്ഷോഭത്തിൽ വാസയോഗ്യമല്ലാത്ത രീതിയിൽ വീട് നഷ്ടപ്പെട്ട എല്ലാ തീരദേശവാസികൾക്കും ഭൂമി വാങ്ങുന്നതിനും പരമാവധി 6 ലക്ഷം രൂപയും വീട് വയ്ക്കുന്നതിനായി 4 ലക്ഷം രൂപയും ചേർത്ത് ആകെ 10 ലക്ഷം രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ആലപ്പുഴ ജില്ലയിൽ കടൽക്ഷോഭത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന തീരദേശവാസികൾക്ക് ലഭ്യമാക്കേണ്ടുന്ന 10 ലക്ഷം രൂപയിൽ എസ്.ഡി.ആർ.എഫ്-ൽ നിന്നും ഒരാൾക്ക് അനുവദിക്കുന്ന 95,100/- രൂപ കിഴിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 9,04,900/- രൂപ വീതം 11 ഗുണഭോക്താക്കൾക്ക് 99,53,900/- രൂപ അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ അഭ്യർത്ഥിച്ചു. 11 ഗുണഭോക്താക്കളിൽ 5 പേർക്ക് പരാമർശം (3) പ്രകാരം 45,24,500/- രൂപ അനുവദിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ കളക്ടർ ആവശ്യപ്പെട്ട പ്രകാരം കടൽക്ഷോഭത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന തീരദേശവാസികളിൽ ഒരാൾക്ക് 9,04,900/- രൂപ വീതം 11 പേരിൽ ബാക്കിയുള്ള 6 ഗുണഭോക്താക്കൾക്കായി ആകെ 54,29,400/- (അൻപത്തിനാല് ലക്ഷത്തി ഇരുപത്തൊൻപതിനായിരത്തി നാനൂറ് രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. വസ്തു വാങ്ങുന്നതിനായി നൽകുന്ന 6 ലക്ഷം രൂപയോ പ്രമാണത്തിൽ പറയുന്ന തുകയോ ഏതാണോ കുറവ് അത് ഭൂമി വാങ്ങുവാനായി നൽകുന്നതിനും, കൂടാതെ, ഭൂമി വാങ്ങുന്നതിനായി നൽകുന്ന തുകയെ സംബന്ധിച്ച വിശദവിവരങ്ങൾ സർക്കാരിനെ അറിയിക്കണമെന്നും ഭൂമി വാങ്ങുന്നതിന് നൽകുന്ന 6 ലക്ഷം രൂപയിൽ ബാക്കി വരുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കണമെന്നും ആലപ്പുഴ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **54,29,400/-** (അൻപത്തിനാല് ലക്ഷത്തി ഇരുപത്തൊൻപതിനായിരത്തി നാനൂറ് രൂപ മാത്രം) രൂപ ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത. എൽ ,
സ്പെഷ്യൽ സെക്രട്ടറി .

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,
വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

ധനകാര്യ ഫണ്ട്സ് വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.